# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂലൈ 25**

**JULY 25**

**2018**

***1193 കർക്കിടകം 9 ബുധൻ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**വാർഷികാഘോഷങ്ങൾക്ക് തുടക്കമായി**

ന്യൂ ഇൻഡ്യ ഇൻഷുറൻസ് കമ്പനിയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് ജില്ലയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന വാർഷികാഘോഷ പരിപാടികൾക്ക് തുടക്കമായി. ആഘോഷ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം ആർടിഒ എബി ജോൺ നിർവഹിച്ചു. പത്തനംതിട്ട ഡിവിഷണൽ മാനേജർ സാബു ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൽഐസി സീനിയർ ബ്രാഞ്ച് മാനേജർ സി.എസ്.ജയചന്ദ്രൻ, അസിസ്റ്റന്റ് മാനേജർ സുനിൽ മാത്യു, ഇൻഡ്യൻ ബാങ്ക് ബ്രാഞ്ച് മാനേജർ ബോബൻ ജോർജ്, അലഹബാദ് ബാങ്ക് ബ്രാഞ്ച് മാനേജർ ബിനോയ് വർഗീസ്, ഐടി മിഷൻ കോ-ഓർഡിനേറ്റർ ഉഷാകുമാരി, കമ്പനി ഡിവിഷണൽ മേധാവി പി ഐ ഹബീബ് മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.

1919 ജൂലൈയിലാണ് ന്യൂ ഇൻഡ്യൻ ഇൻഷുറൻസ് കമ്പനി ആരംഭിച്ചത്. ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളുടെ ഭാഗമായി രാജ്യവ്യാപകമായി രക്തദാന ക്യാമ്പുകൾ, വൃക്ഷതൈ നടീൽ, യോഗ ക്യാമ്പ്, ഗ്രാമങ്ങൾ ദത്തെടുക്കൽ തുടങ്ങി നിരവധി പരിപാടികളാണ് സംഘടിപ്പിക്കുന്നത്. (പിഎൻപി 2072/18)

**ഭവന നിർമാണത്തിന് സഹായം**

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പിഎംഎവൈ (ജി), ലൈഫ് ഭവന നിർമാണ പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. റേഷൻ കാർഡ്, ആധാർ കാർഡ്

എന്നിവയുടെ പകർപ്പുകൾ സഹിതമുള്ള അപേക്ഷ ഈ മാസം 31ന് മുമ്പ് മല്ലപ്പള്ളി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ലഭിക്കണം.

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ സ്ഥിരതാമസക്കാരായ ഭൂമിയുള്ള ഭവനരഹിതരിൽ ലൈഫ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ പദ്ധതി പ്രകാരം അർഹതയുമുള്ളവർക്ക് ഭവന നിർമാണ സഹായത്തിന് അപേക്ഷിക്കാം. കൂടുതൽ വിവരം 0468 2362036 എന്ന നമ്പരിൽ ലഭിക്കും. (പിഎൻപി 2073/18)

## കർഷകരെ ആദരിക്കുന്നു

കർഷക ദിനമായ ചിങ്ങം ഒന്നിന് കടമ്പനാട് കൃഷിഭവൻ പരിധിയിലുള്ള കർഷകരെ ആദരിക്കുന്നു. താത്പര്യമുള്ള കർഷകർ ആഗസ്റ്റ് നാലിന് മുമ്പ് കൃഷിഭവനിൽ അപേക്ഷ നൽകണം. (പിഎൻപി 2074/18)

## ഐടിഐ സീറ്റൊഴിവ്

ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിൽ എസ്.സി.വി.ടി ട്രേഡുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഈ മാസം 28 വരെ അപേക്ഷിക്കാം. ഫോൺ: 0468 2258710.

(പിഎൻപി 2075/18)

## ഗൃഹചൈതന്യം : പരിശീലനം ഇന്ന് (26)

കേരള സർക്കാർ ആയുഷ് വകുപ്പും സംസ്ഥാന ഔഷധ സസ്യ ബോർഡും തൊഴിലുറപ്പു പദ്ധതിയുമായി ചേർന്ന് കേരള പിറവി ദിനത്തിൽ എല്ലാ വീടുകളിലും ആര്യവേപ്പ്, കറിവേപ്പ് തൈകൾ നട്ടു പരിപാലിക്കുന്നതിന് ഗൃഹചൈതന്യം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലയിൽ ഇലന്തൂർ, കോയിപ്രം, മല്ലപ്പള്ളി, പുളിക്കീഴ് എന്നീ ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളെയാണ് ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പു പദ്ധതി അക്രഡിറ്റഡ് എൻജിനീയർമാർ, കൃഷി ഓഫീസർമാർ, ബിപിഒമാർ എന്നിവർക്ക് ഇന്ന് രാവിലെ 10 മുതൽ ഒന്ന് വരെ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ പരിശീലനം നൽകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യും. ബന്ധപ്പെട്ടവർ പങ്കെടുക്കണമെന്ന് തൊഴിലുറപ്പു പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ എൻ. ഹരി അറിയിച്ചു. (പിഎൻപി 2076/18)

## ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിംഗ്

കോഴിക്കോട് ഇംഹാൻസിൽ പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ജനറൽ നഴ്സിംഗ്/ബി.എസ്.സി നഴ്സിംഗ്/ പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് ബിരുദമാണ് യോഗ്യത. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് ആറ്. അപേക്ഷാ ഫോറം ഇംഹാൻസ് ഓഫീസിൽ നേരിട്ടും www.imhans.org എന്ന വെബ്സൈറ്റ് വഴിയും ലഭിക്കും. ഫോൺ: 9605770068, 9745156700. (പിഎൻപി 2077/18)

## കുടുംബശ്രീയുടെ ആശയാധിഷ്ഠിത ബോധവത്ക്കരണ പരിപാടി വിജയത്തിലേക്ക്

സുരക്ഷിത ഭക്ഷണം, ആരോഗ്യം, മാലിന്യ സംസ്കരണം തുടങ്ങി മനുഷ്യന്റെയും പ്രകൃതിയുടെയും നിലനിൽപ്പിന് അത്യാവശ്യമായ വിഷയങ്ങളിൽ കുടുംബശ്രീ

അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആശയാധിഷ്ഠിത ബോധവത്ക്കരണം നൽകുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച പരിപാടി ജില്ലയിൽ വൻ വിജയമായതായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്.സാബിർ ഹുസൈൻ പറഞ്ഞു. ജനങ്ങളുടെ ആരോഗ്യത്തിന് ഏറ്റവും അത്യാവശ്യം സുരക്ഷിത ഭക്ഷണമാണ്. ഇത് ഉറപ്പുവരുത്തുന്നതിന് സമഗ്രമായ പദ്ധതികളാണ് കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. സുരക്ഷിത ഭക്ഷണവുമായി ബന്ധപ്പെട്ട ബോധവത്ക്കരണത്തിലൂടെ കുടുംബശ്രീ അംഗങ്ങളെ കാർഷിക മേഖലയിലേക്ക് കൊണ്ടുവരാനും ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും കഴിഞ്ഞു. മായംചേർന്ന എണ്ണകളിൽ തയാറാക്കുന്ന ഭക്ഷണ സാധനങ്ങൾ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി ആവിയിൽ പാചകം ചെയ്തെടുത്ത ഭക്ഷണ സാധനങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ബോധവത്ക്കരണത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനായി ജില്ലയിൽ 26 കിയോസ്കുകൾ വിവിധ ഭാഗങ്ങളിലായി കുടുംബശ്രീ സ്ഥാപിച്ചിട്ടുണ്ട്.

ജൈവ പച്ചക്കറിക്ക് പ്രാധാന്യം നൽകുന്നതിനായി കുടുംബശ്രീ ആരംഭിച്ച പൊലിവ് പദ്ധതിയിലൂടെ ജൈവപച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. സ്ത്രീധനം സമൂഹത്തിലുണ്ടാക്കുന്ന ആഘാതം പരിഹരിക്കുന്നതിനായി അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീധനവും വിവാഹധൂർത്തും ഒഴിവാക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ നടന്നുവരുന്നു. എല്ലാ അയൽക്കൂട്ടങ്ങളിലും ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ സജീവമാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

കുടുംബശ്രീ ബാലസഭകൾ കേന്ദ്രീകരിച്ച് നവമാധ്യമങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള പ്രചരണ പരിപാടികൾ നടന്നുവരുന്നു. കുട്ടികളിലെ നവമാധ്യമങ്ങളുടെ അമിത ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ക്ലാസുകൾ നടന്നുവരുന്നു. കുടുംബ ബന്ധങ്ങളുടെ പ്രസക്തി യുവതലമുറയിൽ എത്തിക്കുന്നതിനായി എന്റെ മുത്തശ്ശനും മുത്തശ്ശിയും എന്ന പേരിൽ വാർഡുകൾ കേന്ദ്രീകരിച്ച് വയോജന -യുവജന സംഗമങ്ങളും നടന്നുവരുന്നുണ്ട്.

ആൻഡ്രോയിഡ് ഫോണുള്ള കുടുംബശ്രീ അംഗങ്ങൾക്ക് വിവരങ്ങൾ കൈമാറുന്നതിന് പ്രത്യേക സോഫ്റ്റ്വെയർ തയാറായി വരുന്നുണ്ട്. ഈ സോഫ്റ്റ്വെയർ സജ്ജമാകുന്നതോടെ കുടുംബശ്രീ സംബന്ധിച്ച എല്ലാ അറിയിപ്പുകളും ഒരു ആപ്പിലൂടെ അംഗങ്ങൾക്ക് ലഭിക്കും. അതോടൊപ്പം അയൽക്കൂട്ടവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ ആപ്ലിക്കേഷനിലൂടെ അംഗങ്ങൾക്ക് അപ്ലോഡ് ചെയ്യുന്നതിനും കഴിയും.

മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ഹരിതകർമസേനാംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ആശയാധിഷ്ഠിത ബോധവത്ക്കരണത്തിന് 28 കമ്മ്യൂണിറ്റി കൗൺസിലർമാർ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇവരുടെ സേവനം പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിലെ ജൻഡർ റിസോഴ്സ് സെന്ററുകൾ വഴി പൊതുജനങ്ങൾക്ക് ലഭിക്കും.

(പിഎൻപി 2078/18)

## റേഷൻ വിതരണം: ജില്ലയ്ക്ക് 3925 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു

ജില്ലയിലെ റേഷൻ കാർഡ് ഉടമകൾക്ക് ജൂലൈ മാസം വിതരണം ചെയ്യുന്നതിന് 3925 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചിരുന്നതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. 3394 മെട്രിക് ടൺ അരിയും 531 മെട്രിക് ടൺ ഗോതമ്പുമാണ് അനുവദിച്ചത്. എഎവൈ കാർഡുടമകൾക്ക് (മഞ്ഞ) കാർഡൊന്നിന് 30 കിലോഗ്രാം അരിയും അഞ്ച് കിലോഗ്രാം ഗോതമ്പും സൗജന്യമായി ലഭിക്കും. മുൻഗണനാ വിഭാഗത്തിൽപ്പെട്ട പിങ്ക് കാർഡ് ഉടമകൾക്ക് ഓരോ അംഗത്തിനും കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ നാല് കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും ലഭിക്കും. മുൻഗണനാ ഇതര സബ്സിഡി

വിഭാഗത്തിൽപ്പെട്ടവർക്ക് (നീല കാർഡ്) ഓരോ അംഗത്തിനും മൂന്ന് രൂപ നിരക്കിൽ രണ്ട് കിലോഗ്രാം അരിയും മുൻഗണനാ ഇതര നോൺസബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് (വെള്ള കാർഡ്) കാർഡൊന്നിന് നാല് കിലോഗ്രാം അരി 9.90 രൂപയ്ക്ക് ലഭിക്കും. നീല കാർഡ് ഉടമകൾക്കും വെള്ളകാർഡ് ഉടമകൾക്കും സ്റ്റോക്കിന്റെ ലഭ്യത അനുസരിച്ച് മൂന്ന് കിലോഗ്രാം ആട്ട 16 രൂപ നിരക്കിൽ ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ളവർക്ക് കാർഡൊന്നിന് അര ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് കാർഡൊന്നിന് നാല് ലിറ്ററും മണ്ണെണ്ണ ലിറ്ററിന് 26 രൂപ നിരക്കിൽ ലഭിക്കും.

എല്ലാ കാർഡ് ഉടമകളും വാങ്ങിയ സാധനങ്ങളുടെ ബില്ല് നിർബന്ധമായും ചോദിച്ച് വാങ്ങി ഇ-പോസിൽ നിന്ന് കിട്ടിയ ബില്ലിലെ എല്ലാ സാധനങ്ങളും അതേ അളവിലും തൂക്കത്തിലും ലഭിച്ചു എന്ന് ഉറപ്പുവരുത്തണം. റേഷൻ വിതരണം സംബന്ധിച്ച് പരാതികളുള്ളവർ 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരിലോ ജില്ലാ സപ്ലൈ ഓഫീസിലെ 0468 2222612 എന്ന നമ്പരിലോ താലൂക്ക് സപ്ലൈ ഓഫീസുകളിലെ ഫോൺ നമ്പരുകളിലോ അറിയിക്കണം. റേഷൻ കടകളിൽ പ്രദർശിപ്പിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും മൊബൈൽ നമ്പരുകളിലും പരാതികൾ അറിയിക്കാം. താലൂക്ക് സപ്ലൈ ഓഫീസുകളുടെ നമ്പരുകൾ:

കോഴഞ്ചേരി- 0468 2222212, കോന്നി- 0468 2246060, തിരുവല്ല- 0469 2701327, അടൂർ- 04734 224856, റാന്നി- 04735 227504, മല്ലപ്പള്ളി- 0469 2782374.

(പിഎൻപി 2079/18)

## എല്ലാവർക്കും ഭവനം സർക്കാർ ലക്ഷ്യം - ചിറ്റയം ഗോപകുമാർ എം.എൽ.എ

സാധാരണ ജനങ്ങൾക്ക് വാസയോഗ്യമായ വീടും ചുറ്റുപാടുകളും ഒരുക്കി കൊടുക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് ചിറ്റയം ഗോപകുമാർ എം.എൽ.എ പറഞ്ഞു. പന്തളം തെക്കേക്കര പഞ്ചായത്തിലെ പടുക്കോട്ടുക്കലുള്ള അംബേദ്കർ ഗ്രാമത്തിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം നിർവഹിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. എം.എൽ.എയുടെ വികസനഫണ്ടുപയോഗിച്ചാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. സമൂഹത്തിന്റെ സാമ്പത്തികോന്നമനം സാമൂഹ്യസുരക്ഷിതത്വം ഇവയെല്ലാം സംസ്ഥാന സർക്കാർ എന്നും പ്രാധാന്യം നൽകുന്ന വിഷയമാണെന്നും അദ്ദേഹം പറഞ്ഞു. 27വീടുകളുടെ പുനരുദ്ധാരണം, കമ്യൂണിറ്റി ഹാൾ, നടപ്പാതകൾ, കുടിവെള്ള പദ്ധതി, സോളാർ വിളക്കുകൾ എന്നിവയാണ് പദ്ധതിയിൽ നടപ്പാക്കുക. കോളനിയിലെ 125 കുടുംബങ്ങൾക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനാണ് ഫണ്ട് വിനിയോഗിക്കുന്നത്. ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്താത്ത 27 ഭവനങ്ങളെയാണ് നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു ലക്ഷം രൂപയിൽ താഴെയുള്ള മെയിന്റനൻസ് പണികളാണ് ചെയ്യുന്നത്. ആറുമാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കും. പഞ്ചായത്ത് പ്രസിഡന്റ് ജയന്തികുമാരി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പട്ടികജാതി ഓഫീസർ എം.പി അരവിന്ദാക്ഷൻ ചെട്ടിയാർ പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ടി.മുരുകേഷ് , ബ്ലോക്ക് മെംബർ രേഖ അനിൽ, ഗ്രാമപഞ്ചായത്തംഗം അനു ജയചന്ദ്രൻ, എ.പി അജയൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2080/18)

## ശിൽപശാല നാളെ (27)

ആദി പമ്പ- വരട്ടാർ തീരത്ത് അന്തർദ്ദേശീയ ജൈവവൈവിധ്യ പാർക്ക് പദ്ധതി രൂപീകരണ ശിൽപശാല നാളെ വള്ളംകുളം ഗ്രാമവിജ്ഞാന കേന്ദ്രത്തിൽ രാവിലെ പത്ത് മുതൽ നടക്കും. ഇരവിപേരൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമാണ് പാർക്ക്. ഇരവിപേരൂർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ജൈവവൈവിധ്യബോർഡ്, പരിസ്ഥിതി വകുപ്പ് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , കൃഷി വിജ്

ജാനകേന്ദ്ര തുടങ്ങിയവയിൽ നിന്നുള്ള വിദഗ്ദ്ധർ, വിവിധവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 2081/18)

## ഏഴ് ബ്ലോക്കുകളിൽ അടിയന്തര മൃഗചികിത്സാ സൗകര്യം

ജില്ലയിലെ ഏഴ് ബ്ലോക്കുകളിൽ രാത്രികാല മൃഗചികിത്സാ സൗകര്യം ഏർപ്പെടുത്തി. വൈകിട്ട് ആറ് മുതൽ രാവിലെ ആറ് വരെയാണ് ചികിത്സാസൗകര്യം. കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ഏഴ് ഡോക്ടർമാരാണ് ഏഴ് ബ്ലോക്കുകളിൽ ചാർജെടുത്തിരിക്കുന്നത്. റാന്നി ബ്ലോക്കിൽ ഡോ.ടോം ലാൽ(860604177), കോന്നി ബ്ലോക്കിൽ ഡോ.ഷാക്കിർ (9400495316), പന്തളം ബ്ലോക്കിൽ ഡോ.വിപിൻ(8547049358), കൊടുമൺ ഡോ.ശ്യാംചന്ദ്രൻ(7012979235), കോയിപ്രം ഡോ.റിനു(7034689731), മല്ലപ്പള്ളി ബ്ലോക്കിൽ ഡോ.ഇജാസ് (8075671869), ഇലന്തൂർ ഡോ.ഷാനിഫ് (8281062423) എന്നിവരാണ് ചുമതലയേറ്റത്. മൃഗസംരക്ഷണം, ചികിത്സ തുടങ്ങി ആവശ്യങ്ങൾക്കെല്ലാം അതാത് ബ്ലോക്കിലെ ഡോക്ടർമാരെ ബന്ധപ്പെടാവുന്നതാണ്. (പിഎൻപി 2082/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ന്യൂ ഇൻഡ്യ ഇൻഷുറൻസ് കമ്പനിയുടെ നൂറാം വാർഷികാഘോഷ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം ആർടിഒ എബി ജോൺ നിർവഹിക്കുന്നു.
2) പന്തളം തെക്കേക്കര പഞ്ചായത്തിലെ പടുക്കോട്ടുക്കലുള്ള അംബേദ്കർ ഗ്രാമത്തിലെ വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജൂലൈ 25<br>JULY 25 | 2018 |

***1193 കർക്കിടകം 9 ബുധൻ***

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**പനി: 408 പേർ ചികിത്സ തേടി**

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (25) 408 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ രണ്ട് പേരിൽ ഒരാൾക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. എലിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ നാല് പേരിൽ രണ്ട് പേർക്ക് എലിപ്പനി സ്ഥിരീകരിച്ചു. ഏഴ് പേർക്ക് ചിക്കൻപോക്സ് സ്ഥിരീകരിച്ചിട്ടുണ്ട്. വയറിളക്ക രോഗങ്ങൾക്ക് 56 പേർ ചികിത്സ തേടി. (പിഎൻപി 2083/18)

**ഓഫീസ് അസിസ്റ്റന്റ് ഒഴിവ്**

അടൂർ ഐഎച്ച്ആർഡി എൻജിനീയറിംഗ് കോളേജിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് താത്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. അംഗീകൃത സർവകലാശാലാ ബിരുദവും റ്റാലി ആൻഡ് ഡിസിഎയുമാണ് യോഗ്യത. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. താത്പര്യമുള്ളവർ ഈ മാസം 30ന് രാവിലെ 10ന് ടെസ്റ്റ്/ഇന്റർവ്യൂവിനായി കോളേജിൽ ഹാജരാകണം. ഫോൺ: 04734 231995.

(പിഎൻപി 2084/18)

**കൈരളി ക്രാഫ്റ്റ് ഫെയർ**

സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന അഖിലേന്ത്യാ കരകൗശല കൈത്തറി മേള പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിൽ ഇന്ന് (26)

ആരംഭിക്കും. വീണാജോർജ് എംഎൽഎ രാവിലെ 11ന് ഉദ്ഘാടനം മേള ഉദ്ഘാടനം ചെയ്യും. സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ ചെയർമാൻ കെ.എസ്.സുനിൽ കുമാർ, മാനേജിംഗ് ഡയറക്ടർ എൻ.കെ.മനോജ്, നഗരസഭാധ്യക്ഷ രജനി പ്രദീപ്, വൈസ് ചെയർമാൻ പി.കെ.ജേക്കബ്, കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റ് അസിസ്റ്റന്റ് ഡയറക്ടർ പൂജാ വേണുഗോപാൽ തുടങ്ങിയവർ പങ്കെടുക്കും.

വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള നൂറോളം കരകൗശല, കൈത്തറി ഉത്പാദകർ ഇടനിലക്കാരില്ലാതെ നേരിട്ട് മേളയിൽ വിപണനം നടത്തും. രാവിലെ 10 മുതൽ വൈകിട്ട് എട്ട് വരെ മേളയുടെ സമയം. ആഗസ്റ്റ് നാലിന് സമാപിക്കും.

(പിഎൻപി 2085/18)

## കാലവർഷക്കെടുതി : അവശേഷിക്കുന്നത് 18 ക്യാമ്പുകൾ

ജില്ലയിൽ കാലവർഷക്കെടുതിയിൽ തുറന്ന 98 ക്യാമ്പുകളിൽ ഇനി അവശേഷിക്കുന്നത് 18 ക്യാമ്പുകൾ. 664 കുടുംബങ്ങളിലെ 2524 പേരാണ് ഇനിയും ദുരിതാശ്വാസ ക്യാമ്പുകളിൽ അവശേഷിക്കുന്നത്. പുതുക്കിയ കണക്കെടുപ്പിൽ 973 വീടുകൾ ഭാഗികമായി തകർന്നതായി കണ്ടെത്തി. അഞ്ച് വീടുകൾ പൂർണമായും തകർന്നിട്ടുണ്ട്.

(പിഎൻപി 2086/18)

## കെട്ടിട നികുതി

ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ www.tax.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ സെപ്തംബർ 30 വരെ പിഴപലിശ കൂടാതെ കെട്ടിട നികുതി ഒടുക്കാമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 2087/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്